**Government Arts and Science College for Women, Malappuram,**
**Malappuram P O, Kavungal; Pin: 676505**
**Phone: 0483 -2972200, Mob: 9188900203**

---

**File No.: GWCMPM/65/2025-A1 11-07-2025**

## ക്വട്ടേഷൻ നം 01 / 2025-26/ PD

2024-25 വർഷത്തെ കോളേജ് മാഗസിൻ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് തയ്യാറുള്ളവരിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷൻ അടങ്ങിയ കവറിനു മുകളിൽ" 2024-25 വർഷത്തെ കോളേജ് മാഗസിൻ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ "എന്നെഴുതി പ്രിൻസിപ്പൽ ,ഗവ ആർട്സ് ആൻഡ് സയൻസ് വനിതാ കോളേജ് മലപ്പുറം, കാവുങ്ങൽ, പിൻ 676505 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. ക്വട്ടേഷനുകൾ 26/07/2025 നു ഉച്ചക്ക് ശേഷം 1 മണിക്ക് മുമ്പായി കോളേജ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചക്ക് ശേഷം 2.30 മണിക്ക് തുറക്കുന്നതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ കാരണമൊന്നും കൂടാതെ തന്നെ നീട്ടിവെക്കുന്നതിനോ റദ്ദാക്കുന്നതിനോ താഴെ ഒപ്പിട്ട ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. നിബന്ധനകൾ താഴെ ചേർക്കുന്നു.

***നിബന്ധനകൾ***

1. അച്ചടിക്കും കവറിനും വേണ്ട കടലാസ്സ് സർക്കാർ വിതരണം ലഭ്യമല്ലെന്ന് അറിയിച്ചതിനെ തുടർന്ന് കടലാസ്സിനു സർക്കാർ നിരക്കിലുള്ള വില അനുവദിക്കുന്നതാണ്.
2. ഫണ്ടിൻറെ ലഭ്യതക്ക് അനുസൃതമായി സർക്കാർ നിബന്ധനകൾക്കും ഉത്തരവുകൾക്കും വിധേയമായി എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയ ശേഷം മാത്രമേ മാഗസിൻറെ അച്ചടി ചെലവിലേക്കുള്ള പണം നൽകുകയുള്ളൂ.
3. കവർ പേജും ഉൾഭാഗം അച്ചടിക്കാനുപയോഗിക്കുന്ന വിവിധ തരത്തിലുള്ള കടലാസ്സുകളുടെ മാതൃക ക്വട്ടേഷൻറെ കൂടെ നിർബന്ധമായും അടക്കം ചെയ്യേണ്ടതാണ്.
4. മാഗസിൻ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് ലഭിച്ച 30 (മുപ്പത്) ദിവസത്തിനകം അച്ചടി ജോലികൾ പൂർത്തിയാക്കി സ്വന്തം ചെലവിൽ ആവശ്യമായ ബില്ലുകളോടുകൂടി മാഗസിൻ കോളേജ് ലൈബ്രറിയിൽ എത്തിക്കേണ്ടതാണ്.
5. മാഗസിൻ അച്ചടിയോടനുബന്ധിച്ച എല്ലാ കാര്യങ്ങൾക്കും കോളേജ് സ്റ്റാഫ് എഡിറ്റർ മുഖേന ഓഫീസിൽ ബന്ധപ്പെടേണ്ടതാണ്
6. വില നിരക്കുകൾക്ക് 31/03/2026 വരെ പ്രാബല്യമുണ്ടായിരിക്കേണ്ടതാണ്
7. മാഗസിൻ അച്ചടിക്കുവാനുള്ള ഉത്തരവ് ലഭിച്ചു 7 (ഏഴ്) ദിവസത്തിനകം നിശ്ചിത ഫോറത്തിൽ 200/- രൂപയുടെ കേരളം മുദ്രപത്രത്തിൽ കരാർ സമർപ്പിക്കേണ്ടതാണ്.

താഴെ പറയുന്ന ഇനങ്ങളുടെ നിരക്കുകൾ വിശദമായി ക്വട്ടേഷനിൽ പ്രത്യേകം കാണിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | മാഗസിന്റെ വലിപ്പം | 1 / 4 ഡബിൾ ഡമ്മി |
| 2 | പേജിൻറെ എണ്ണം | 100 |
| 3 | കോപ്പികളുടെ എണ്ണം | 350 |
| 4 | ഡി ടി പി ജോലികളുടെ ചാർജ് | പേജ് നിരക്കിൽ |
| 5 | അച്ചടി ചാർജ് (മൾട്ടി കവർ ) | പേജ് നിരക്കിൽ |
| 6 | അച്ചടി ചാർജ് (ബ്ലാക്ക് ആൻഡ് വൈറ്റ്) | പേജ് നിരക്കിൽ |
| 7 | അച്ചടി ചാർജ് | കവറിന് 300 GSM ആർട്ട് പേപ്പർ (പ്രത്യേകം ) |

| | | |
|---|---|---|
| 8 | ബൈന്റിംഗ് ചാർജ് | (പെർഫകട് ബൈൻഡിംഗ്) കോപ്പിക്ക് |
| 9 | സ്കാനിംഗ് & ഫിലിം നിർമാണം | ക്വട്ടേഷൻ നിരക്കിൽ |
| 10 | ലാമിനേഷൻ ചാർജ് (മുൻവശവും പിൻവശവും | ക്വട്ടേഷൻ നിരക്കിൽ |
| 11 | കവർ ഡിസൈൻ | ക്വട്ടേഷൻ നിരക്കിൽ |
| 12 | പേജിൻറെ എണ്ണം | 100<br>മൾട്ടി കളർ 8.100 GSM ആർട്ട് പേപ്പർ ബ്ലാക്ക് & വൈറ്റ് , മാപ്പിലിത്തോ-116, 80 GSM) എന്നിങ്ങനെ ഉപയോഗിക്കേണ്ടതാണ് |

**പേജുകൾക്ക് ഉപയോഗിക്കുന്ന വിവിധ തരത്തിലുള്ള കടലാസിൻറെ തരവും അളവും വിലയും പ്രത്യേകം ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്. കടലാസിൻറെ മാതൃക ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനത്തിന്റെ മുദ്രയോടുകൂടി ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ് .**

**അച്ചടി കടലാസിൻറെ വില ഷീറ്റ് നിരക്കിൽ കാണിക്കേണ്ടതാണ്**
**വിശദ വിവരങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ നേരിട്ടന്വേഷിച്ചാൽ അറിയാവുന്നതാണ്**

Mohamed Jaseer Adattil
PRINCIPAL (I/C) GWC MPM

പകർപ്പ്:
1. നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്
2. സമീപത്തെ സർക്കാർ ഓഫീസ് നോട്ടീസ് ബോർഡുകളിൽ പതിക്കുന്നതിന്
3. മലപ്പുറം ഭാഗത്തെ വിവിധ പ്രസ്സുകളെ അറിയിക്കുന്നതിന്
4. സ്റ്റാഫ് എഡിറ്റർ & സ്റ്റുഡൻറ് എഡിറ്റർ

**Signed by Mohamed Jaseer Adattil**
**Date: 11-07-2025 10:13:29**